**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3407** **08-10-2025 - ൽ മറുപടിയ്ക്ക്**

**സബ്ജക്ട് മിനിമം പദ്ധതിയുടെ ലക്ഷ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന സബ്ജക്ട് മിനിമം പദ്ധതിയുടെ ലക്ഷ്യമെന്താണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പഠിതാക്കളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി 2024-25 അധ്യയന വർഷം എട്ടാം ക്ലാസിൽ സബ്ജക്ട് മിനിമം നടപ്പിലാക്കി. 2025- 26 അധ്യായ വർഷം ഒൻപതാം ക്ലാസിലും 2026- 27 അധ്യയന വർഷം പത്താം ക്ലാസിലും ഇത് നിലവിൽ വരുന്നു.<br><br>വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങളിലും അടിസ്ഥാനപരമായ പ്രാവീണ്യം നേടുന്നതിനും പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും വേണ്ടിയുള്ള ഒരു സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമാണ് സബ്ജക്ട് മിനിമം. |
| (ബി) | സബ്ജക്ട് മിനിമം പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് നൽകപ്പെടുന്ന അക്കാദമിക സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | സബ്ജക്ട് മിനിമം പദ്ധതിയുടെ ഭാഗമായി മിനിമം സ്കോർ നേടാത്ത വിദ്യാർത്ഥികൾക്ക് അവരുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി അധിക പഠനപിന്തുണാ ക്ലാസുകൾ, പുന:പരീക്ഷ, ബ്രിഡ്ജ് കോഴ്സ്, നിരന്തരമായ വിലയിരുത്തലും നിരീക്ഷണവും മുതലായവ നൽകി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ കുട്ടികളിലെ പഠന നിലവാരം ഉയരുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | പഠന നിലവാരം ഉയരുമെന്നാണ് വിലയിരുത്തുന്നത്. |
| (ഡി) | സബ്ജക്ട് മിനിമം പദ്ധതിയുടെ ഭാഗമായി അദ്ധ്യാപകരുടെ പരിശീലനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ഡി) | അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു. കുട്ടികളെ തുടർച്ചയായി, തികഞ്ഞ ജാഗ്രതയോടെയും മെരിറ്റ് അടിസ്ഥാനത്തിലും എങ്ങനെ കൃത്യമായി വിലയിരുത്തണം എന്നതിനെക്കുറിച്ചും അടിസ്ഥാനശേഷി ഉറപ്പാക്കാനുള്ള ബോധനരീതികളെക്കുറിച്ചുമുള്ള കാര്യങ്ങൾ അവധിക്കാല അധ്യാപക പരിശീലനത്തിൽ ഉൾപ്പെടുത്തി. മിനിമം സ്കോർ നേടാത്ത വിദ്യാർത്ഥികൾക്ക് അധിക പഠന പിന്തുണ നൽകേണ്ടത് അധ്യാപകരുടെ ഉത്തരവാദിത്തമാണ്. |

| | | | |
|---|---|---|---|
| | | | അതിനായി ഓരോ വിദ്യാർത്ഥിയുടെയും പഠനവിടവുകൾ കണ്ടെത്തി അധിക പിന്തുണാ ക്ലാസുകൾ എങ്ങനെ ഫലപ്രദമായി നടത്താം എന്നതിനെക്കുറിച്ച് അധ്യാപകർക്ക് പരിശീലനം നൽകി. ഇത്തരത്തിൽ അധ്യാപകരെ കൂടുതൽ കാര്യക്ഷമരാക്കി, ഓരോ കുട്ടിക്കും നിശ്ചിത നിലവാരം ഉറപ്പാക്കാൻ കഴിയുന്ന ഒരു വിദ്യാഭ്യാസ അന്തരീക്ഷം സൃഷ്ടിക്കാനാണ് സബ്ജക്ട് മിനിമം പദ്ധതി ലക്ഷ്യമിടുന്നത്. |
| (ഇ) | ഗ്രാമീണ- നഗര മേഖലകളിലെ വിദ്യാർത്ഥികൾക്ക് സമാനമായി പ്രയോജനപ്പെടുന്ന തരത്തിൽ പ്രത്യേക പിന്തുണ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഇ) | സബ്ജക്ട് മിനിമം പദ്ധതി അടിസ്ഥാനപരമായി എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ